മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഫ്. എ. സി. ടി.-യിലെ ഇന്നത്തെ സാഹചര്യത്തെക്കുറിച്ചും സ്വകാര്യ വ്യവസായികൾ എഫ്. എ. സി. ടി. കാണാൻ ചെന്നപ്പോൾ അവിടത്തെ തൊഴിലാളികൾ തടസ്സപ്പെടുത്തുകയും അതുകൊണ്ടുണ്ടായിട്ടുള്ള കാര്യങ്ങളുമാണ് സൂചിപ്പിച്ചത്. അത് വളരെ ഗൗരവമായിതന്നെയാണ് ഗവൺമെന്റ് കാണുന്നത്. അങ്ങനെയുള്ള സാഹചര്യങ്ങളൊക്കെ പോലീസ് വേണ്ടവിധത്തിൽ കൈകാര്യം ചെയ്തു. ദേഹോപദ്രവം ഒന്നും ചെയ്തിട്ടില്ല എന്നാണ് അറിഞ്ഞത്. അതിലും പ്രധാന പ്രശ്നം എഫ്. എ. സി. ടി. കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പുള്ള ഒരു അഭിമാന സ്ഥാപനമാണ്. അത് നമ്മൾ അംഗീകരിച്ചിട്ടുള്ളതാണ്. ഫെർട്ടിലൈസർ മേഖലയിൽ എഫ്. എ. സി. ടി.-യുടെ സ്ഥാനം പരമപ്രധാനമാണ്. എഫ്. എ. സി. ടി. സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്ന് ഗവൺമെന്റിന് ഉദ്ദേശമില്ല; അത് അംഗീകരിച്ചിട്ടുമില്ല; സ്വീകരിച്ചിട്ടുമില്ല. ഇന്നലെ ബഹുമാനപ്പെട്ട എം. എൽ. എ.-മാരായ സർവ്വശ്രീ. കെ. പി. രാജേന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, കെ. മുഹമ്മദാലി, കെ. ബാബു, കെ. കെ. ജയചന്ദ്രൻ എന്നിവർ മുഖ്യമന്ത്രിയേയും സഹകരണ വകുപ്പുമന്ത്രിയേയും കണ്ടിരുന്നു. മുഖ്യമന്ത്രി ഈ കാര്യം വളരെ ഗൗരവമായി കണക്കിലെടുക്കുകയും സഹകരണ വകുപ്പുമന്ത്രി മുഖ്യമന്ത്രിയുടെ കത്തുമായി ഡൽഹിയിൽപോയി ഈ കാര്യത്തെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. മാത്രമല്ല, പാർലമെന്റ് മെമ്പർമാരുമായി സഹകരിച്ച് ഇഫ്കോയുമായി ചർച്ച ചെയ്ത് കേരളത്തിലെ സഹകരണ മേഖലയും ഇഫ്കോയുംകൂടി കൂട്ടായി എങ്ങനെ ഈ സ്ഥാപനം നടത്താൻ സാധിക്കും എന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായിത്തന്നെ ആലോചിച്ചുവരികയാണ്. ഗവൺമെന്റ് ഇതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നുള്ളത് ശരിയല്ല. മുഖ്യമന്ത്രി തന്നെ ഇത് എഴുതാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുവേണ്ടി സഹകരണ വകുപ്പുമന്ത്രി ഡൽഹിക്കു പോകുന്നുണ്ട്. എങ്ങനെയായാലും എഫ്. എ. സി. ടി. കേരളത്തിന് നഷ്ടപ്പെടാൻ പാടില്ല. അത് സ്വകാര്യ മേഖലയ്ക്കു പോകുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാകാൻ പാടില്ല. ഇഫ്കോയും സഹകരണ സംഘവുമായി ചേർന്ന് അതിനെ എടുക്കാനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകും എന്നുള്ളത് വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

(3) എക്സ്സർവ്വീസ്മെൻ ഡെവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. എം. മുരളി: 1995-ൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ രാജ്യസേവനം അവസാനിപ്പിച്ച് ജന്മനാട്ടിലേയ്ക്ക് മടങ്ങിയെത്തിയ പതിനായിരക്കണക്കിന് വരുന്ന കേരളത്തിലെ വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമ പ്രവർത്തനങ്ങളും അവരുടെ പുനരധിവാസവും ഉറപ്പുവരുത്താൻ രൂപീകരിച്ച Ex-servicemen Development and Rehabilitation Corporation-ന്റെ പ്രവർത്തനം ഹൈക്കോടതി ഇടപെടൽ ഉണ്ടായപ്പോൾ തടസ്സപ്പെട്ടു, എങ്കിലും അതിന്റെ രൂപീകരണം ഒരു വർഷം മുമ്പ് പൂർത്തീകരിച്ചുകൊണ്ട് വഴുതക്കാട് ആസ്ഥാനമായി അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഈ കോർപ്പറേഷന്റെ പ്രവർത്തനം ഫലപ്രദമല്ല. പാവപ്പെട്ട വിമുക്ത ഭടന്മാരുടെ അവകാശവും താൽപ്പര്യവും സംരക്ഷിക്കാനോ അവരുടെ പുനരധിവാസം ഉറപ്പു വരുത്താനോ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനോ ഈ കോർപ്പറേഷന് കഴിഞ്ഞിട്ടില്ല. ഇതിൽ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് സംസ്ഥാന എക്സ്-സർവ്വീസ് ലീഗ് നാളെ വഴുതക്കാട് ഓഫീസിനുമുമ്പിൽ ഒരു ധർണ്ണ നടത്തുകയാണ്. ഈ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട്, ഈ കോർപ്പറേഷന്റെ പ്രവർത്തനം പ്രയോജനപ്രദവും ഫലപ്രദവും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, റിട്ടയേർഡ് കേണൽ പി. വി. മേനോൻ മാനേജിംഗ് ഡയറക്ടറായി ഏഴ് അംഗങ്ങളുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിമുക്ത ഭടന്മാരുടെ ക്ഷേമത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നത് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങളാണ്. വിമുക്ത ഭടന്മാരെ സെക്യൂരിറ്റി സേവനത്തിന് നിയമിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് ലീഗ് ഇടുക്കി ഡിസ്ട്രിക്ട് കൗൺസിൽ ഫയൽ ചെയ്ത ഒ. പി. യിൻമേൽ ഇവരുടെ വേതനം മിനിമം വേജസ് നിരക്കിൽ കൊണ്ടുവരണമെന്ന് വിധിയുണ്ട്. റീ-സെറ്റിൽമെന്റ് ഡയറക്ടർ ജനറൽ നിശ്ചയിച്ച വേതന വ്യവസ്ഥയിന്മേൽ നിയമനം നടത്തുവാൻ ഒരു സ്ഥാപനവും മുന്നോട്ടു വരുന്നില്ല എന്നാണ് അറിഞ്ഞത്. ഈ സാഹചര്യത്തിൽ pay and work സംവിധാനം, ടോൾ പിരിവ് തുടങ്ങിയവ ഉൾപ്പെടുത്തി വിമുക്ത ഭടന്മാരുടെ സേവനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഗവൺമെന്റ് അതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതാണ്.

(4) സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിലെ വീഴ്ച

ശ്രീ. കെ. പി. രാജേന്ദ്രൻ: സംസ്ഥാനത്തുള്ള സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷനും ചികിൽസാ ആനുകൂല്യങ്ങളും സംബന്ധിച്ചാണ് ഈ സബ്മിഷൻ. സ്റ്റേറ്റ് പെൻഷൻ ലഭിക്കുന്നവർക്ക് 7 ശതമാനം ഡി. എ.-യും സെൻട്രൽ പെൻഷൻ ലഭിക്കുന്നവർക്ക് 35 ശതമാനം ഡി. എ.-യുമുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് പെൻഷൻ കിട്ടുന്നവരുടെ ഡി. എ. 35 ശതമാനമായി വർദ്ധിപ്പിക്കണം. നിത്യരോഗികളും വന്ദ്യവയോധികരുമായ ഇവരുടെ ചികിൽസാ ചെലവ് ഒരു സർക്കാർ ഉത്തരവ്പ്രകാരം സർക്കാരാണ് വഹിച്ചിരുന്നത്. പക്ഷേ, ഇവരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കൃത്യമായി കൊടുക്കുന്നില്ല. അതിന് വലിയ കാലതാമസം വരുന്നു. അവരുടെ ചികിൽസാ ചെലവ് കൃത്യമായി കൊടുക്കാൻ അടിയന്തിര നടപടിയെടുക്കാനും അവരെ ബഹുമാനിക്കാനും ഈ സ്വാതന്ത്ര്യദിനത്തിനുമുമ്പ് ഗവൺമെന്റ് തീരുമാനമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly